# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.04/2911/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ), മലപ്പുറം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.04/2911/2022 തീയ്യതി: 11/01/2023

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-04-2022 മുതൽ 21-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മൂസ. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. മുസ്തഫ. എ. കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ് കുമാർ. എ. ടി. | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി. അംബിക. വി. എം. ജോയിന്റ്. ബി.ഡി.ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 13-07-2021 |
| | | 08-05-2021 | 16-05-2021 |
| ശ്രീ. അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 17-05-2021 | 30-06-2021 |
| | | 14-07-2021 | 21-12-2021 |
| ശ്രീമതി. സുജാത. കെ. എം. ജോയിന്റ്. ബി.ഡി.ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2021 | 01-02-2022 |
| | | 12-03-2022 | 31-03-2022 |
| ശ്രീ. മുഹമ്മദലി. എ. | സെക്രട്ടറി | 02-02-2022 | 11-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീലേഖ. പി. | കൃഷി അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ. പി. കെ.ബഷീർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇന്ദിര. പി. കെ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 10-11-2021 |
| ശ്രീമതി. ടിറ്റി ബിജി | ശിശു വികസന പദ്ധതി ഓഫീസർ | 11-11-2021 | 31-03-2022 |
| ശ്രീമതി. സലില.എം | ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ | 01-04-2021 | 31-03-2022 |
| ശ്രീ. വരുൺ. കെ. പി. | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ്കുമാർ. ബി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 26-09-2021 |
| ശ്രീമതി. ദിവ്യ. ജി. എൻ. | ക്ഷീര വികസന ഓഫീസർ | 27-09-2021 | 31-03-2022 |
| ശ്രീ.ജോൺമാത്യൂ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 07-05-2021 |
| ശ്രീമതി. മിനി ചിത്രമ്പള്ളി | പട്ടികജാതി വികസന ഓഫീസർ | 08-05-2021 | 18-07-2021 |
| ശ്രീമതി. ഗിരിജ. കെ | പട്ടികജാതി വികസന ഓഫീസർ | 19-07-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് അസ്‌ലഹ്. | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| പി. | | | |
| ശ്രീ. ഉമ്മർ. കെ. | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 29-04-2021 |
| ശ്രീമതി. നീന. എൽ. | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-04-2021 | 11-07-2021 |
| ശ്രീമതി. ഷെറിൻ ബീഗം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 12-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ധനകാര്യ വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പുകൾ | 1-11 |
| 13 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ രസീത് ഉപയോഗത്തിലെ അപാകതകൾ | 1-12 |
| 14 | കെട്ടിടവാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല | 1-13 |
| 15 | വാടക വർദ്ധനവിന് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വർദ്ധിപ്പിച്ച് ഈടാക്കുന്നില്ല. | 1-14 |
| 16 | കെട്ടിടമുറികൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ വാടകയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടമാകുന്നു. | 1-15 |
| 17 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത. | 1-16 |
| 18 | കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി | 1-17 |
| 19 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-18 |
| 20 | പ്രി ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് - അധിക തുക നൽകി | 1-19 |
| 21 | അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി - കരാറുകാരന് അധിക തുക നൽകി | 1-20 |
| 22 | ആനമങ്ങാട് ഖാദി വിപണന കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-21 |
| 23 | ചെലവഴിക്കാത്ത തുകകൾ കൺസോളിഡേറ്റ് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ് | 1-22 |
| 24 | ലൈഫ് ഭവനപദ്ധതിക്കായി തുക നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 25 | ചെലവിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു. | 1-24 |
| 26 | ഇൻസിനറേറ്റർ സ്കൂളുകളിൽ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-25 |

| | | |
|---|---|---|
| 27 | പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 28 | കേരള വാട്ടർ അതോറിറ്റി - ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല - തുക തടസ്സം ചെയ്യുന്നു. | 1-27 |
| 29 | വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചറുകൾ , ലാപ്ടോപ്പുകൾ വാങ്ങിയത് - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിന് കൃത്യതയില്ല | 1-28 |
| 30 | ബ്ലോക്ക് പ്രസിഡന്റിന് വാഹനം വാടകക്ക് എടുക്കൽ - മുൻകൂർ തുക നൽകിയത് തിരിച്ചീടാക്കേണ്ടതാണ് | 1-29 |
| 31 | പഠനമുറി നിർമ്മാണം - പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. | 1-30 |
| 32 | ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത. | 3-1 |
| 2 | കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി | 3-2 |
| 3 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3-3 |
| 4 | പ്രി ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് - അധിക തുക നൽകി | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പറും തിയ്യതിയും | പുതുക്കിയ തീരുമാന നമ്പറും തിയ്യതിയും |
|---|---|
| തീരുമാന നമ്പർ 1(1), തിയ്യതി 16.02.2021 | ബജറ്റ് പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2022 | 01.07.2022 | - | - |

## 1-3 ധനകാര്യ വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 19,61,538.95 |
| വരവ് | 11,07,77,749 |
| ആകെ | 11,27,39,287.95 |
| ചെലവ് | 10,43,49,327 |
| നീക്കിയിരിപ്പ് | 83,89,960.95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് തുക (₹) | ആകെ തുക (₹) | ചെലവ് തുക (₹) | നീക്കിബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 3,63,31,696 | 3,63,31,696 | 3,58,97,975 | 4,33,721 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2,51,72,000 | 2,51,72,000 | 2,51,72,000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2,64,000 | 2,64,000 | 2,56,540 | 7,460 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1,20,15,891 | 1,20,15,891 | 77,29,564 | 42,86,327 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,34,61,180(1) | 1,34,61,180 | 64,46,129 | 70,15,051 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 91,02,467(2) | 91,02,467 | 79,43,106 | 11,59,361 |

കുറിപ്പുകൾ

(1). ₹1,00,34,000/- ബിംസ് മുഖേനയും ₹34,27,180/- ട്രഷറി മുഖേനയും.

(2). ₹66,89,000/- ബിംസ് മുഖേനയും ₹24,13,467/- ട്രഷറി മുഖേനയും.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 2021-22

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 13,21,56,112 | 110 | 8,66,71,176 | 5 | 20 | 81.5% |

പാതിവഴിയിൽ ഉപേക്ഷിച്ച പാഴ്ചെലവായ പദ്ധതികൾ

ഇല്ല

### 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS) No. 11/2018/LSGD, Dt 29.01.2018, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1. ബ്ലോക്ക് തല ആസൂത്രണ സമിതി പ്രവർത്തന വിവരം ലഭ്യമല്ല.

   2021-22 വർഷത്തെ പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ബ്ലോക്ക് പഞ്ചായത്തിൽ ആസൂത്രണ സമിതി പുനസംഘടിപ്പിച്ചതിന്റെ വിവരം ലഭ്യമല്ല. പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ അടിസ്ഥാന ചുമതലകൾ നിറവേറ്റുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്ന ആസൂത്രണ സമിതിയുടെ മീറ്റിംഗ് മിനുട്സ് ലഭ്യമാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല.

   ബ്ലോക്ക് പഞ്ചായത്തിൽ ആകെ 15 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 21-22 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആകെ 1 യോഗം മാത്രമാണ് ചേർന്നത് (28.02.21 തിയ്യതിയിൽ). വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പിന്റെയും മിനുട്സ് ശരിയായി എഴുതിയിട്ടില്ല എന്ന് വ്യക്തമായി. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

   ഏതാനും പ്രൊജക്ട് നിർദ്ദേശങ്ങൾ എഴുതുക മാത്രമാണ് മിക്ക വർക്കിംഗ് ഗ്രൂപ്പുകളും ചെയ്തിട്ടുള്ളത്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

   സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾനുസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല.

   വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല.

3. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് പരിശോധനക്കായി ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിന് അടിസ്ഥാനമാക്കിയ നടപടികളുടെയും വിവരശേഖരണത്തിന്റെയും വിവരങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

4. വികസന സെമിനാർ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് വികസന സെമിനാർ 18.02.2021 ന് നടക്കുകയുണ്ടായി. വികസന സെമിനാറിൽ പങ്കെടുത്ത അംഗങ്ങളുടെ പേരെഴുതിയ ഒരു രജിസ്റ്റർ അല്ലാതെ വികസന സെമിനാറിലെ ചർച്ചകളും നിർദ്ദേശങ്ങളും ഒന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

രേഖകൾ ലഭ്യമല്ലാത്തതിനാൽ വികസന രേഖ, കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക എന്ന ലക്ഷ്യം വികസന സെമിനാർ നിറവേറ്റിയോ എന്നത് പരിശോധിക്കാനായിട്ടില്ല.

പദ്ധതി തയ്യാറാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ജന പ്രതിനിധികളും, ഉദ്യോഗസ്ഥരും ഒഴികെയുള്ള പൊതു ജനങ്ങളുടെ പങ്കും തയ്യാറാക്കുന്ന പ്രൊജക്ടുകളുടെ ആവശ്യകതയും ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതേ ദിവസം തന്നെ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 അഭ്യന്തര നിയന്ത്രണം

1. ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. ഇൻകംബൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
3. വൗച്ചറുകൾ കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുന്നില്ല.
4. ഓരോ മാസത്തേയും വൗച്ചറുകൾ ടാഗ് ചെയ്ത് സൂക്ഷിച്ചിട്ടില്ല.
5. സെക്രട്ടറി, എസ്.സി.ഡി.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.01.2022 | 2020-21 | 09.03.22 |
| എ.ജി. ഓഡിറ്റ് | 12.11.2019 | 2014-15 മുതൽ 2018-19 വരെ | 20.12.2019 |

## 1-11 വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പുകൾ

2021-2022 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യപത്രികകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ൽ രേഖപ്പെടുത്തിയ വിവിധ ഫണ്ടുകൾക്ക് പ്രത്യേക എ.സി.ആർ

സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് കാണിച്ച 67,99,579.13 രൂപയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. 2021-22 വർഷത്തിൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് തുക 47,28,662/- രൂപയും ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 പ്രകാരം നീക്കിയിരുപ്പ് തുക 25,99,674/- രൂപയും ആണ്.
6. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-12 - Administrative Expenses ഷെഡ്യൂളിൽ 22100199 (Rent - Other Items) എന്ന ശീർഷകത്തിൽ ഓഡിറ്റ് വർഷത്തിൽ 14,190/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും ഈ തുക അലൂമിനിയം ഫാബ്രിക്കേഷൻ ചാർജ് , ഫോട്ടോഗ്രാഫി ചാർജ്, ബോർഡ് മീറ്റിങ്ങിന് ചായയും പലഹാരവും വാങ്ങിയത് എന്നീ ഇനങ്ങളിലെ ചെലവുകളാണെന്ന് ബോധ്യപ്പെട്ടു. പണമിടപാടുകൾ ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.
7. വാടക രജിസ്റ്ററിൽ വാർഷിക DCB സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ധനകാര്യപത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല
8. വാർഷിക ധനകാര്യ പത്രിക I-16 Provisions & Write Off ഷെഡ്യൂളിൽ ഷോപ്പിങ് കോംപ്ലക്സുകളിൽ നിന്നും കടമുറികളിൽ നിന്നുമുള്ള വാടകയിനത്തിൽ ഓഡിറ്റ് വർഷത്തിൽ എഴുതിത്തള്ളിയ 53,333/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
9. ബാലൻഷീറ്റ് B-4 ഷെഡ്യൂളിലെ താഴെ പറയുന്ന ഇനങ്ങൾ B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരം (₹) | B-17 ഷെഡ്യൂൾ പ്രകാരം (₹) |
|---|---|---|
| Joint Venture Project | 29,400 | 61,400 |
| Nirmal Puraskar | 5,54,290.13 | 9,52,780 |

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.11.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം 14/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ രസീത് ഉപയോഗത്തിലെ അപാകതകൾ

സർക്കാരിലേയ്ക്ക് പണം സ്വീകരിച്ച് രസീത് നൽകുന്നതിന്റെ നടപടിക്രമങ്ങൾ കേരള ട്രഷറി കോഡ് - ഭാഗം 1 ലെ അനുച്ഛേദം 90എ യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ കുറിപ്പ് 2 പ്രകാരം, രസീതുകൾ തയ്യാറാക്കുന്നതിന് ഡബ്ൾ ഫേസ്ഡ് കാർബൺ പേപ്പർ ഉപയോഗിക്കേണ്ടതും രസീതിന്റെ കാർബൺ കോപ്പി പാർട്ടിയ്ക്ക് നൽകി ഒറിജിനൽ ഓഫീസിൽ സൂക്ഷിയ്ക്കേണ്ടതുമാണ്. ബുക്ക് നമ്പർ 718ലെ 66ആം നമ്പർ വരെയുള്ള രസീതുകൾ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പണം പിരിവിനായി ഉപയോഗിച്ചിട്ടുണ്ട്. (രസീത് നം.17 ക്യാൻസൽ ചെയ്തിട്ടുണ്ട്). രസീതുകളുടെ ഒറിജിനൽ പാർട്ടിയ്ക്ക് നൽകി കാർബൺ കോപ്പിയാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കാത്തത് കാരണം ഡബ്ൾ ഫേസ്ഡ് കാർബൺ പേപ്പർ ഉപയോഗിച്ചാണോ പണം പിരിവ് നടത്തിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്താനായിട്ടുമില്ല. ഇത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 25.11.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 12/2021-22ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുള്ളത് രസീത് ഉപയോഗം സംബന്ധിച്ചുള്ള അറിവില്ലായ്മ മൂലം സംഭവിച്ച ഈ നടപടി ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും, രസീതുകൾ തയ്യാറാക്കാൻ ഡബ്ൾ ഫേസ്ഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടുണ്ടെന്നുമാണ്. രസീത് ഉപയോഗിച്ചുള്ള പണം പിരിവ് സംബന്ധിച്ച് കേരള ട്രഷറി കോഡിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-13 കെട്ടിടവാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന SGSY ബിൽഡിങ്ങ് എന്ന കെട്ടിടത്തിൽ സിറ്റി വേൾഡ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം നടത്തുന്ന മുറിയ്ക്ക് 2019 ജൂലൈ മാസം മുതൽ 2,670/- രൂപയാണ് സജിതാബാനു. സി. എന്നവരിൽ നിന്നും പ്രതിമാസ വാടകയായി ഈടാക്കുന്നത്. 2020-21, 2021-22

വർഷങ്ങളിലും ഇതേ വ്യക്തിക്ക് തന്നെയാണ് ഈ മുറി വാടക്ക് നൽകിയിട്ടുള്ളതെങ്കിലും പ്രതിമാസ വാടകയിൽ വർദ്ധനവ് വരുത്തി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചയത്തിന്റെ മറ്റ് കെട്ടിടങ്ങളിൽ അതെ വാടകക്കാരൻ തന്നെ തുടരുന്ന സാഹചര്യങ്ങളിൽ പ്രതിമാസ വാടകയിൽ 5% വർദ്ധനവ് പ്രതിവർഷം വരുത്തിയാണ് ഈടാക്കിയിട്ടുള്ളത്. കോവിഡ്-19 മൂലം ഈ സ്ഥാപനത്തിന്റെ വരുമാനത്തിൽ സാരമായ കുറവ് വന്നതിനാൽ വാടക കുറവ് ചെയ്ത് തരണമെന്ന് വാടകക്കാരുടെ അപേക്ഷ പരിഗണിച്ചാണ് ഈ കെട്ടിട മുറിയുടെ വാടകയിൽ വാർഷിക വർദ്ധനവ് വരുത്താതിരുന്നതെന്നാണ് ഓഡിറ്റ് എൻക്വയറി നം. 16/2021-22, തീയ്യതി 26.11.2022ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ വിഷയത്തിൽ ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ വിവരങ്ങളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപേക്ഷ പരിഗണിച്ച് വാടക നിരക്ക് നിശ്ചയിച്ചത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടക വർദ്ധനവിന് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വർദ്ധിപ്പിച്ച് ഈടാക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ അതേ വാടകക്കാരൻ തുടർന്നുവരുന്നതിനാൽ പ്രതിമാസ വാടകയിൽ 5% വർദ്ധനവ് പ്രതിവർഷം വരുത്തി ഈടാക്കുന്ന സാഹചര്യങ്ങളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഇതിന് ആനുപാതികമായി വർദ്ധിപ്പിച്ച് ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2021-22, തീയ്യതി 26.11.2022ന് ലഭ്യമാക്കിയ മറുപടിയിൽ വാടക വർദ്ധിക്കുന്നതിന് അനുസരിച്ച് ഡെപ്പോസിറ്റ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. വാടകയിൽ വർദ്ധനവ് വരുത്തുന്നതിന് ആനുപാതികമായി വാടക ഡെപ്പോസിറ്റ് തുകയും വർധിപ്പിച്ച് ഡിമാന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കെട്ടിടമുറികൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ വാടകയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടമാകുന്നു.

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന SGSY ബിൽഡിങ്ങ് എന്ന കെട്ടിടത്തിലെ 2 മുറികൾ ശ്രീമതി. ശ്രീലത. എൻ. എ എന്നവർക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളതായി വാടക രജിസ്റ്റർ പേജ് 54ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടക ഡിമാന്റ് ചെയ്തതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2021-22, തീയ്യതി 26.11.2022ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഈ മുറികളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്യാനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ മുറികൾ മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയതെന്നും, എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഈ വസ്തുക്കൾ നീക്കം ചെയ്യാത്തതിനാലാണ് വാടക ഡിമാന്റ് ചെയ്യാതിരുന്നതുമെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. കെട്ടിടമുറികളിലെ പാഴ്‌വസ്തുക്കൾ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കി വാടക ഡിമാന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തവളേങ്ങൽ കുളമ്പ് അംഗൻവാടി ബിൽഡിങ് പൂർത്തീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് ₹568.19/m$^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഈ പ്രവൃത്തിയിൽ നൽകിയിട്ടുള്ളത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ ഈ പ്രവൃത്തിയിൽ GI ഷീറ്റിന് നിരക്ക് കണക്കാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വറിന് ശരാശരി 110 രൂപ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

അനുവദനീയമായ നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts, Nuts, Washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm (Wastage ഒഴികെ) | | | | | 84901.65 |
| Cost For 1 Sqm | | | | | 392.809 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.739 |
| Add CPOH 7.5% | | | | | 29.76 |
| Cost Index 31.06% (Excluding MR) | | | | | 31.74 |
| Total | | | | | 458.239= 458.24 |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (12% GST |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടെ) |
| തവളേങ്ങൽ കളമ്പ് അംഗൻവാടി ബിൽഡിങ് പൂർത്തീകരണം (121/22)<br>ബിൽ 21150363019201360427/21.3.22<br>തുക 447769<br>കരാർ 11/25.2.2021<br>കൺവീനർ. ഉമൈബ.കെ<br>സാങ്കേതികാനുമതി 66567/11.9.2020<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവ് പുസ്തകം 43/21-22, 73/19-20 | 130.4m$^2$ | 74092<br>@568.19/m $^2$ | 59754<br>@458.24/m$^2$ | 16059<br>(14338+ 1721[GST]) |

ഓഡിറ്റ് എൻക്വയറി 13/21-22 25.11.2022 നൽകിയതിന് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ചീഫ് എഞ്ചിനീയർ അംഗീകരിച്ചത് GI Hard Colour Powder Coated Trafford Sheet നുള്ള നിരക്കാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയോടൊപ്പം ലഭ്യമാക്കിയ ഡാറ്റയിലും ഷീറ്റ് GI Hard Colour Powder Coated Trafford Sheet ആണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുള്ളത് ഈ പ്രവൃത്തിയിൽ ഉപയോഗിച്ചത് Pre Coated Galvanised Iron Profile Sheet ആണ് എന്നാണ്. ഈ ഷീറ്റിന് മേൽ പരാമർശിച്ച പ്രകാരമുള്ള തുക മാത്രമാണ് നൽകാവുന്നത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 1-17 കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ ഭാഗമായി കിണറിന്റെ മുകളിൽ ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള ₹137.15/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളിൽ ജനലിന് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | തോണിക്കര എസ്.സി കോളനി കുടിവെള്ള പദ്ധതി (129/22)<br>ബിൽ 21150363019201394398/23.3.22<br>തുക 95016<br>21150363019201306885/15.3.22<br>തുക 137500<br>കരാർ 49/25.1.2022 (3% അധിക നിരക്ക്)<br>സാങ്കേതികാനുമതി 34068/27.9.21<br>അളവ് പുസ്തകം 50/21-22 | 430/Kg | 58974<br>@137.15/Kg | 48440<br>@112.65/Kg | 12152<br>(10534+316 +1302)<br>(ടെണ്ടർ അധികം) |

| | | | | | |
|---|---|---|---|---|---|
| | കോൺട്രാക്ടർ ശ്രീ.അബ്ദുൽ ഹഫൂർ<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 2 | മേൽകുളങ്ങര കരുവാത്തക്കുന്ന് കുടിവെള്ള പദ്ധതി (88/22)<br>ബിൽ /23.3.22<br>തുക 176740<br>കരാർ 13/7.10.2021<br>സാങ്കേതികാനുമതി 25656/1.9.21<br>അളവ് പുസ്തകം 26/21-22<br>കോൺട്രാക്ടർ ശ്രീ.<br>കോസ്റ്റ് ഇൻഡക്സ് 31.06% | 481.56/Kg | 66046 @137.15/Kg | 54248 @112.65/Kg | 13214 (11798+1416) |
| | ആകെ | | | | 25366 |

ഓഡിറ്റ് എൻക്വയറി - 2/21-22/24.11.2022 നൽകിയതിന് - 9.48.1, 10.25.2 എന്നിവ പ്രകാരമുള്ള ഡാറ്റകളിലൊന്നും കിണറിലെ ഗ്രിൽ വർക്കിനെ കുറിച്ച് പ്രത്യേകം പറഞ്ഞിട്ടില്ല എന്നും, പ്രവൃത്തിക്ക് അനുയോജ്യമായ ഡാറ്റ തന്നെയാണ് നൽകിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ DSR ലെ 9 സബ് ഹെഡ് Wood & PVC Work എന്നത് സംബന്ധിച്ചാണ്. അത് കൊണ്ട് തന്നെ അതിന് കീഴിൽ വരുന്ന 9.48.1 ജനൽ വർക്കുമായി ബന്ധപ്പെട്ടാണെന്ന് വ്യക്തവുമാണ്. 10.25.2 പ്രകാരമുള്ള ഡാറ്റയിൽ Gratings, Frames, Guard Bar, Lader..... Gates And Similar Works എന്നതിനുള്ളതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. ഗെയിറ്റിന് സമാനമായ പ്രവൃത്തിയാണ് കിണറിന് മുകളിലുള്ള ഗ്രിൽ എന്നതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-18 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഭിത്തി നിർമ്മിക്കുന്നതിനുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് സെന്ററിങ് പ്രവൃത്തി ചെയ്യുന്നതിന് DSR 5.9.6 പ്രാകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. DSR 5.9.6 പ്രാകാരമുള്ള നിരക്ക് കോളം, പില്ലർ എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് നൽകുന്ന നിരക്കാണ്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | കിളിയം എസ്.സി കോളനി കുടിവെള്ള പദ്ധതി (122/22)<br>ബിൽ 21150363019201383281/19.3.22<br>തുക 175000<br>21150363019201394424/21.3.22<br>തുക 225565<br>കരാർ 4/2.9.2021<br>സാങ്കേതികാനുമതി 15281/28.7.21<br>അളവ് പുസ്തകം 63/21-22, | 29.44 $M^2$ | 16066<br>@545.71/$m^2$<br>(11% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>616.16/$m^2$ | 13001<br>@441.61/$m^2$<br>(11% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>496.19/$m^2$ | 3433<br>(3065+<br>368) |

| | | | | | |
|---|---|---|---|---|---|
| | 16/21-22<br>കോൺട്രാക്ടർ ശ്രീ.അബ്ദുൽ ഹഫൂർ<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | കരിമ്പനക്കൽ എസ്.സി കോളനി കുടിവെള്ള പദ്ധതി (131/22)<br>ബിൽ 21150363019201505072/29.3.22<br>തുക 196668<br>21150363019201504468/29.3.22<br>തുക 128568<br>കരാർ 26/10.11.2021<br>സാങ്കേതികാനുമതി 34798/28.9.21<br>അളവ് പുസ്തകം 19/21-22<br>കോൺട്രാക്ടർ ശ്രീ.അബൂബക്കർ.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 32m$^2$ | 19425<br>@607.03/m$^2$<br>(1% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>616.16/m$^2$ | 15719<br>@491.23/m$^2$<br>(1% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>496.19/m$^2$ | 4151<br>(3706+445) |
| | ആകെ | | | | 7584 |

ഓഡിറ്റ് എൻക്വയറി - 19/21-22/24.11.2022 നൽകിയതിന് - ഈ പ്രവൃത്തികളിൽ ഗ്രൗണ്ട് ലെവലിൽ നിന്ന് 2.5 മീറ്റർ ഉയരത്തിൽ സിമന്റ് കോൺക്രീറ്റിൽ വാട്ടർ ടാങ്കിനുള്ള ഭിത്തി നിർമ്മിക്കാനാണ് 5.9.6 പ്രകാരമുള്ള സെന്ററിങ് നൽകിയതെന്നും DSR 5.9.2 പ്രകാരമുള്ളത് ഗ്രൗണ്ട് ലെവലിൽ ഭിത്തി നിർമ്മിക്കുന്നതിന് നൽകുന്ന നിരക്കാണ് എന്നും മറുപടി ലഭ്യമാക്കി.

എന്നാൽ ഈ മറുപടി തികച്ചും വസ്തുതാ വിരുദ്ധമാണ്. DSR 5.9 സബ് ഹെഡിലുള്ള സെന്ററിങ് നിരക്ക് എല്ലാ നിലകളിലേക്കുമുള്ളതാണ്. ഇത് പ്രസ്തുത ഡാറ്റയുടെ ആരംഭത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-19 പ്രി ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെന്മിനി നിരവിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ഇനം 20 ആയി പ്രി ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് സ്ഥാപിച്ചതിന് ₹25702.6/m$^2$ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് ₹11423.38/m$^2$ നിരക്കാണ് നൽകാവുന്നത്. പ്രവൃത്തിക്കായി ഡാറ്റ തയ്യാറാക്കിയത് 2.25m$^2$ നാണ്. അതിൽ നിന്ന് 1m$^2$ നിരക്ക് കാണുന്നതിന് പകരം 2.25m$^2$ നിരക്ക് 1 M$^2$ പരിഗണിച്ച് നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയ മറ്റ് കുടിവെള്ള പദ്ധതികളിലെല്ലാം പമ്പ് ഹൗസിന് ₹11423.38/m$^2$ നിരക്കാണ് നൽകിയിട്ടുള്ളത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (12% GST അടക്കം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | നെന്മിനി നിരവിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി (138/22)<br>ബിൽ 21150363019201432667/24.3.22<br>തുക ₹755912<br>21150363019200572769/24.9.22<br>തുക ₹228717 (2022-23)<br>കരാർ 27/31.1.2020<br>സാങ്കേതികാനുമതി 75290/11.10.2019<br>അളവ് പുസ്തകം 115/21-22,108/21-22,83/19-20<br>കോൺട്രാക്ടർ ശ്രീ.നസീം.എൻ<br>കോസ്റ്റ് ഇൻഡക്സ് 31.06% | 2.34/ $M^2$ | 60084<br>@25676.90/ $M^2$<br>(0.1% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 25702.60/$m^2$ | 26704<br>@11411.96/ $M^2$<br>(0.1% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 11423.38/$m^2$ | 37386<br>(33380+4006) |

ഓഡിറ്റ് എൻക്വയറി - 17 /21-22/26.11.2022 മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക 37386 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-20 അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബി.ഡി.ഒ ഓഫീസ്, എൽ. എസ്.ജി.ഡി ഓഫീസ് നവീകരണം എന്ന പ്രവൃത്തിയുടെ ഇനം 10 ആയി സ്റ്റെയിൻലസ് സ്റ്റീൽ വാട്ടർ ക്ലോസറ്റ് സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി വരുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ സാധാരണ ഉപയോഗിച്ച് വരുന്ന ഒറീസ പാറ്റേൺ വാട്ടർ ക്ലോസറ്റ് ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നൽകിയ തുക DSR 17.1.2 | നൽകാവുന്ന തുക DSR 17.1.1 | അധികം (12%GST അടക്കം) |
|---|---|---|---|---|
| 1 | ബി.ഡി.ഒ ഓഫീസ്, എൽ. എസ്.ജി.ഡി ഓഫീസ് നവീകരണം (29/22)<br>21150363019201505805/29.3.22<br>തുക 553785<br>കരാർ 46/29.12.2021<br>അളവ് പുസ്തകം 22/21-22, 84/21-22, 88/21-22, 94/21-22<br>കോൺട്രാക്ടർ ശ്രീ.മുഹമ്മദ് നൗഫൽ.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 36.44% | 10160<br>(12.8% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 11651.29 | 6450<br>(12.8% ടെണ്ടർകുറവ്)<br>DSR 17.1.1 പ്രകാരം നിരക്ക് 11651.29 | 4155<br>(3710+445) |

ഓഡിറ്റ് എൻക്വയറി - 21/21-22/29.11.2022 നൽകിയതിന് - പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുമ്പോൾ അധികം നൽകിയ തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ആനമങ്ങാട് ഖാദി വിപണന കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- നടപടിക്രമങ്ങൾ

പാലിച്ചില്ല

പ്രോജക്ട് : 189/22 ആനമങ്ങാട് ഖാദി വിപണന കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 230000 /-(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ചെലവ് : 230000/- (വൗച്ചർ നമ്പർ : 22100694/21.12.2021)

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ആനമങ്ങാട് ഖാദി വിപണന കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി മലപ്പുറം ജില്ലാ ഖാദി വില്ലേജ് ഇൻഡസ്ട്രീസ് പ്രോജക്ട് ഡയറക്ടർക്ക് 230000/- രൂപ നൽകിയിട്ടുണ്ട്.ഫയലിൽ ലഭ്യമാക്കിയ ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസറുടെ കത്ത് പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്കായി തുക അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്

| ക്രമ നമ്പർ | ഇനം | തുക | ലഭ്യമാക്കിയ രേഖകൾ |
|---|---|---|---|
| 1 | പത്ത് തറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ സ്പെയർ പാർട്സ് വാങ്ങുന്നതിനുള്ള തുക | 132350 | AVARAMPALAYAM SARVODAYASANGH ത്തിന്റെ 132350/- രൂപക്കുള്ള ക്വട്ടേഷൻ ഫയലിൽ സർപ്പിച്ചിട്ടുണ്ട്. (ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.) |
| 2 | നൂൽ പുഴുങ്ങുന്നതിനുള്ള പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമായ തുക | 30000 | CITY HOME APPLIANCES ,DOWNHILL ന്റെ 15140/- രൂപക്കുള്ള ബിൽ (ബിൽ നമ്പർ 714/16.11.2021 പ്രകാരം ), KOLAR MILL STORES PVT Ltd ന്റെ 2620/- രൂപക്കുള്ള ക്വട്ടേഷൻ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| 3 | പത്ത് തൊഴിലാളികൾക്ക് 6 മാസം പരിശീലനം നൽകുന്നതിന് ആവശ്യമായ തുക | 60000 | സബ് വൗച്ചറുകൾ ലഭ്യമാക്കിയില്ല |
| | | 222350 | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം,22/2018/ത.സ്വ.ഭ.വ , തിയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ക്രമനമ്പർ 6.10.2 പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകാവുന്ന ഘടകങ്ങൾ പ്രതിപാദിച്ചതിൽ പരിശീലനത്തിന് സബ്സിഡി നൽകുന്നതിന് അനുമതിയില്ല. അടിസ്ഥാന സൗകര്യ വികസനം, ആധുനിക വൽക്കരണം, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉല്പാദന വർദ്ധനവ്, സേവന ഗുണമേന്മാ വർദ്ധനവ് , വിപണന സൗകര്യം എന്നീ ഘടകങ്ങൾക്കാണ് ധനസഹായം നൽകുന്നതിന് അനുമതി ഉള്ളത്. വാങ്ങൽ നടപടികളാണെങ്കിൽ ഇൻവോയ്സ് ലഭ്യമാക്കേണ്ടതും ചെലവിന്റെ 80% സബ്സിഡി അനുവദിക്കാവുന്നതുമാണ്. മേൽ പട്ടിക പ്രകാരം ആവശ്യമായ ചെലവുകളുടെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല പരിശീലനം ഒഴികെയുള്ള ചെലവിനത്തിൽ 162350/-രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിന്റെ 80% തുകയായ 129880/- രൂപയാണ് (ഇൻവോയ്സ് ലഭ്യമാക്കുന്ന മുറക്ക്) സബ്സിഡി അനുവദിക്കാവുന്നത്. ആയതിലും കൂടുതൽ തുക (230000/-) അനുവദിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ സ.ഉ(കൈ)നം,22/2018/ത.സ്വ.ഭ.വ , തിയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ക്രമനമ്പർ 6.10 പ്രകാരം സഹകരണ സംഘങ്ങൾക്ക് സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങളും സബ്സിഡി നിരക്കുകളും പ്രതിപാദിച്ചിട്ടുണ്ട്. ആയതു പ്രകാരം ഖാദി വിപണനകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ നൽകുന്നതിന് താഴെ പറയുന്ന നിബന്ധനകൾ കൂടി പാലിക്കേണ്ടതാണ്.

1. സ്ഥാപനം ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ ജില്ലാ ഓഫീസ് മുഖേന രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങളാവണം.

2. സഹകരണ സംഘം സബ്സിഡിക്കായി അപേക്ഷിക്കണം അപേക്ഷയോടൊപ്പം മേൽ സബ്സിഡി മൂലം സഹകരണ സംഘാംഗങ്ങൾക്ക് തൊഴിലും വരുമാനവും പ്രതിഫലവും വർദ്ധിപ്പിക്കുന്നത് വ്യക്തമാക്കുന്ന പ്രോജക്ട് പ്രൊപ്പോസലും സമർപ്പിക്കണം.

3. ഇതേ ഇനത്തിന് ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ ആനുകൂല്യം നേടിയിട്ടുണ്ടാവാൻ പാടില്ല.

4. സംഘം കഴിഞ്ഞ മൂന്ന വർഷമായി പ്രവർത്തിച്ച് വരുന്നതായിരിക്കണം.

5.ധനസഹായം നൽകുന്നതിന് തൊട്ടു മുൻപത്തെ വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതായിരിക്കണം.

6. ധനസഹായം നൽകുന്നതിന് തൊട്ടു മുൻപുള്ള വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

7. സഹകരണസംഘം സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ വെക്കണം.

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ മുകളിൽ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണോ പദ്ധതി നടപ്പിലാക്കിയതെന്ന് പരിശോധിക്കുന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ ലഭ്യമാക്കിയില്ല. അനുബന്ധരേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/21-22/23.11.2022) ന് രേഖകൾ ലഭ്യമാക്കുന്നതിന് ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിലേക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. പ്രോജക്ടിന്റെ നിർവ്വഹണ സമയത്ത് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. സബ്സിഡിമാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയിലും കൂടിതലായി നൽകിയ തുക പരിശോധിക്കുന്നതിന് ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ സാധിച്ചിട്ടില്ല. ഒറിജിനൽ ഇൻവോയ്സ് പരിശോധിച്ച് അർഹമായ സബ്സിഡി തുക കണ്ടെത്തി അധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 230000/- തടസ്സത്തിൽ ചെയ്യുന്നു.

## 1-22 ചെലവഴിക്കാത്ത തുകകൾ കൺസോളിഡേറ്റ് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായി ലാപ്ടോപ്പുകൾ പർച്ചേസ് ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാൻറ് (നോൺ റോഡ് ) ൽ നിന്ന് തുക പിൻവലിച്ച് CPRCS വഴി കെൽട്രോണിന് മുൻകൂറായി തുക നൽകിയെങ്കിലും നിർദ്ദിഷ്ട ലാപ്ടോപ്പുകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭ്യമായിരുന്നു. ടി തുക ഉപയോഗിച്ച് GeM വഴി ലാപ്ടോപ്പുകൾ കുറഞ്ഞ തുകക്കു ലഭ്യമാവുകയും ആയത് ഗുണഭോക്താക്കൾക്ക്/സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾക്കായി പിൻവലിച്ച തുകയിൽ ബാക്കി നിൽക്കുന്ന 62842/- രൂപ കൺസോളിഡേറ്റ് അക്കൗണ്ടിൽ അടവാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | CPRCS ൽ അടവാക്കി തിരികെ ലഭ്യമായ തുക | പ്രോജക്ടിനായി GeM വഴി ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| 1 | 21/22ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങൽ | 305268 (വൗച്ചർ നമ്പർ 22100632/25.10.21) | 255828 (വൗച്ചർ നമ്പർ 22200072/01.06.22) | 49440 |
| 2 | 147/22 അന്ധ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | 96202 (വൗച്ചർ നമ്പർ 22100633/25.10.21) | 82800 (വൗച്ചർ നമ്പർ 22200104/29.06.22) | 13402 |
| | | | | 62842 |

ബാങ്ക് ഓഫ് ബറോഡ പെരിന്തൽമണ്ണ ശാഖയിലെ സെക്രട്ടറിയുടെ അക്കൗണ്ടിൽ - (നമ്പർ 42350100007798) - സൂക്ഷിച്ചിട്ടുള്ള 62842 രൂപ കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21-22/ 25.11.22) ടി തുക കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുക തിരിച്ചടവാക്കിയ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ് .

## 1-23 ലൈഫ് ഭവനപദ്ധതിക്കായി തുക നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട് പ്രകാരം ലൈഫ് ഭവനപദ്ധതിക്കായി വിവിധ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. പ്രവ്യത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.11.2022) ചില പഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയെങ്കിലും താഴെ പറയുന്ന പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് തുക (₹) | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ടിനം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 4/22 ലൈഫ് മിഷൻ പദ്ധതി ജനറൽ- പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 136000 | 22100666/25.11.2021 | വികസന ഫണ്ട്- ജനറൽ | ഏലംകുളം ഗ്രാമ പഞ്ചായത്ത് |
| 2 | | 100000 | 22100542/07.09.2021 | | |
| 3 | | 60000 | 22100459/21.06.2021 | | |
| 4 | | 40000 | 22100541/07.09.2021 | | |
| 5 | | 129200 | 22100534/01.06.2021 | | |
| 6 | | 40000 | 22100533/21.06.2021 | | |
| | TOTAL | 505200 | | | |
| 7 | 6/22 ലൈഫ് മിഷൻ പദ്ധതി എസ്.സി.പി - പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 286000 | 22100666/25.11.2021 | വികസന ഫണ്ട്- എസ് സി പി | ഏലംകുളം ഗ്രാമ പഞ്ചായത്ത് |
| 8 | | 80000 | 22100458/18.06.2021 | | ഏലംകുളം ഗ്രാമ പഞ്ചായത്ത് |
| 9 | | 225000 | 22100539/26.06.2021 | | |
| 10 | | 76500 | 22100535/01.06.2021 | | |
| 11 | | 40000 | 22100543/07.09.2021 | വികസന ഫണ്ട്- എസ് സി പി | |
| 12 | | 770500 | 22100675/10.12.2021 | | താഴേക്കോട് ഗ്രാമ പഞ്ചായത്ത് |
| 13 | | 573095 | 22100796/17.03.2022 (1146190 ) | വികസന ഫണ്ട്- എസ് സി പി | വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് |
| | TOTAL | 2556295 | | | |

ലഭ്യമാക്കാനവശേഷിക്കുന്ന തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ ചെലവു തുക 25,56,295/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 ചെലവിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകളുടെ അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ , ഫണ്ടിനം | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | റിമാർക്സ് | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 104/22 മേലാറ്റൂർ സി എച്ച് സി യിൽ കോവിഡ് രോഗികൾക്ക് സ്റ്റബിലൈസേഷൻ സെന്റർ ഒരുക്കലും അനുബന്ധ സൗകര്യങ്ങളും | 100000/- (MG _Non Road) | 90000 | 22100455/ 10.06.2021 | | പ്രവർത്തിയുടെ M-Book, Bill |
| 2 | 118/22 മേലാറ്റൂർ സി.എച്ച്.സി.യിലെ CFLTC ഇലക്ട്രിഫിക്കേഷൻ | 100000/- (MG _Non Road) | 32324 | 22100457/ 17.06.21 | | പ്രവർത്തിയുടെ M-Book, Bill |
| 3 | 22/22 തുല്യതാ പഠനം പഠിതാക്കളുടെ ഫീസ് നൽകൽ | 400000/- (വികസനഫണ്ട്-ജനറൽ) | 138200 | 22100813/ 21.03.2022 | [Plus 1 തുല്യതക്ക് 45 ഗുണഭോക്താക്കൾക്ക് @ 2500] + [10ാം തരം തുല്യതക്ക് 20 ഗുണഭോക്താക്കൾക്ക് @1850] | കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ കൈപ്പറ്റ് രശീതി |
| | | | 261800 | 22100550/ 25.10.21 | Plus 2 തുല്യതാ പരീക്ഷക്ക് 119 ഗുണഭോക്താക്കൾക്ക് @ 2200 | |
| | ആകെ | | 522324 | | | |

ചെലവിന്റെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25.11.2022) ലഭ്യമാക്കിയ ഭാഗിക മറുപടിയിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയ തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 522324/- രൂപ തടസ്സം ചെയ്യുന്നു.

## 1-25 ഇൻസിനറേറ്റർ സ്കൂളുകളിൽ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട് പ്രകാരം (191/22 ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഹൈസ്കൂൾ ഹയർ സെക്കന്ററി സ്കൂളുകളിൽ ഷീ ടോയ്‌ലറ്റുകളിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റ് ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ബ്ലോക്ക് പരിധിയിലെ 27 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 36 ഇൻസിനറേറ്റർ(@25168) 13അലമാര (@ 13664) എന്നിവ വനിതാ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നതിനു 1083680/- രൂപയുടെ എസ്റ്റിമേറ്റ് ആണ് ഉണ്ടായിരുന്നത്. 21.05.2016 ലെ സ. ഉ (സാ.ധാ)നം.280/16/ തസ്വഭവ പ്രകാരം പ്രോജക്ട് ചെലവിന്റെ 50% നോഡൽ ഏജൻസിയായ വനിതാ വികസന കോർപ്പറേഷന് മുൻകൂറായി കൈമാറുന്നതിനും, ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിനു ശേഷം ബാക്കി തുക കൈമാറുന്നതിനുമാണ് അനുമതി ഉള്ളത്. പ്രോജക്ട് പ്രകാരം ആദ്യ ഗഡുവായ 541840/- വൗച്ചർ നം.22100576/11.03.22 പ്രകാരവും, അവസാന ഗഡു 541840/- രൂപ 22100586/31.03.2022 വൗച്ചർ പ്രകാരവും നൽകിയിട്ടുണ്ട്. ആദ്യഗഡു നൽകിയതിനു ശേഷം 24.03.2022 ലെ ഇൻവോയ്സ് നമ്പർ KSWDC/P5 /She-Pad/2021-22പ്രകാരം 1083680/- രൂപയുടെ സാധന സാമഗ്രികൾ സ്കൂളുകളിൽ എത്തിച്ചു നൽകിയെന്ന

വനിതാവികസന കോർപ്പറേഷന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം ഗഡുവായി 541840/-രൂപ നൽകിയത്.

ഇൻസിനറേറ്റർ, വെന്റിംഗ് മെഷീൻ എന്നിവ സ്കൂളുകളിൽ സ്ഥാപിച്ചതിന്റെ വിവരം, ആയവ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിക്കുന്നതിന്റെ വിവരം എന്നിവയൊന്നും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം സ്ഥാപിച്ച ഇൻസിനറേറ്റർ, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നിവയുടെ സർവ്വീസിംഗ്, മെയിന്റനൻസ് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/25.11.2022) പദ്ധതി പൂർത്തീകരിച്ചതായി സ്കൂളുകളിൽ നിന്നും ലഭ്യമായ സാക്ഷ്യപത്രം, സർവ്വീസിംഗ് മെയിന്റനൻസ് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കാൻ വനിതാ വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയത്. പദ്ധതിയുടെ മോണിറ്ററിംഗ് ചെയ്യേണ്ടത് നിർവ്വഹണ ഏജൻസിയല്ല , തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. ഇൻസിനറേറ്ററുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരം , നിലവിലെ അവസ്ഥ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 10,83,680/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സംയുക്ത പദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് 5333700/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ടിനം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 157/22ചെമ്മലശ്ശേരി ഞെളിയത്ത് കോളനി അംഗൻവാടി ബ്ലോക്ക് വിഹിതം നൽകൽ | 500000 | 22100639/28.10.2021 | ധനകാര്യകമ്മീഷൻ അവാർഡ് | പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് |
| 2 | 158/22 പടിഞ്ഞാറേക്കര അംഗൻവാടി നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ | 500000 | 22100640/28.10.2021 | ധനകാര്യകമ്മീഷൻ അവാർഡ് | പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് |
| 3 | 159/22 കിഡ്നി രോഗികൾക്ക് ചികിത്സാ ധനസഹായം - ബ്ലോക്ക് വിഹിതം നൽകൽ | 132000 | 22100637/28.10.2021 | വികസന ഫണ്ട് - ജനറൽ | പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് |
| | | 192000 | 22100648/20.11.2021 | | മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് |
| | | 300000 | 22100658/20.11.2021 | | വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | 4000 | 22100778/11.03.2022 | | ജില്ലാ പഞ്ചായത്ത് |
| 4 | 155/22 വനിതകളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മൃഗ സംരക്ഷണ പ്രവൃത്തിക്ക് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 76000 | 22100638/28.10.2021 | വികസന ഫണ്ട് - ജനറൽ | പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് |
| | | 1417500 | 22100643/28.10.2021 | | ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |
| | | 1426200 | 22100646/11.11.2021 | | കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് 1319000 മേലാറ്റൂർ |

| | | | | | |
|---|---|---|---|---|---|
| | | | | | 107200 |
| 5 | 156/22 വനിതകളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മൃഗ സംരക്ഷണ പ്രവൃത്തിക്ക് - ബ്ലോക്ക് പഞ്ചായത്ത് തുക കൈമാറൽ - എസ് സി പി | 330000 | 22100644/28.10.2021 | വികസന ഫണ്ട്-എസ് സി പി | ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |
| | | 456000 | 22100647/11.11.2021 | | കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് |
| | | 5333700 | | | |

പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/25.11.2022) വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവു തുക 5333700/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 കേരള വാട്ടർ അതോറിറ്റി - ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല - തുക തടസ്സം ചെയ്യുന്നു.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം 2810000/- രൂപ കേരള വാട്ടർ അതോറിറ്റി (പി എച്ച് ഡിവിഷൻ , മലപ്പുറം) യിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ടിനം |
|---|---|---|---|---|
| 1 | 95/22 താഴത്തേതിൽ പടി സി പി കുളമ്പ് പൈപ്പ് ലൈൻ നീട്ടൽ | 300000 | 22100744/26.02.2022 | ധനകാര്യകമ്മീഷൻ അവാർഡ് |
| 2 | 151/22വില്ലേജ് പടി - ആഞ്ഞിലി പൈപ്പ് ലൈൻ നീട്ടൽ | 200000 | 22100747/26.02.2022 | വികസന ഫണ്ട് - ജനറൽ |
| 3 | 152/22 കരുവാൻപറമ്പ് - കട്ടാവിൽ പൈപ്പ് ലൈൻ നീട്ടൽ | 200000 | 22100743/26.02.2022 | വികസന ഫണ്ട് - ജനറൽ |
| 4 | 150/22 ചോലപ്പറമ്പ് ലക്ഷം വീട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | 22100746/26.02.2022 | വികസന ഫണ്ട് - ജനറൽ |
| 5 | 149/22 മില്ലുംപടി ഒട്ടവങ്കര കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | 22100742/26.02.2022 | വികസന ഫണ്ട് - ജനറൽ |
| 6 | 207/22 95-149-150-151-152 എന്നീ പ്രോജക്ടുകളുടെ പൂർത്തീകരിക്കാനുള്ള തുക കേരള വാട്ടർ അതോറിറ്റിക്കു നൽകൽ | 560000 | 2210077711.03.2022 | ധനകാര്യകമ്മീഷൻ അവാർഡ് |
| 7 | 96/22 യത്തിംഖാന റോഡ് പൈപ്പ് ലൈൻ നീട്ടൽ | 190000 | 22100745/26.02.2022 | ധനകാര്യകമ്മീഷൻ അവാർഡ് |
| 8 | 190/22 കേരങ്ങാട് കരുവമ്പലം പൈപ്പ് ലൈൻ | 770000 | ചെക്ക് നമ്പർ 507022001100/ | ധനകാര്യകമ്മീഷൻ അവാർഡ് (PFMS) |

| | | | | |
|---|---|---|---|---|
| | നീട്ടൽ - | | 11.03.2022 | |
| | | 190000 | 22100768/10.03.2022 | വികസന ഫണ്ട് - ജനറൽ |
| | | 2810000 | | |

പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/25.11.2022) വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 2810000/- രൂപ തടസ്സം ചെയ്യുന്നു.

## 1-28 വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചറുകൾ , ലാപ്ടോപ്പുകൾ വാങ്ങിയത് - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിന് കൃത്യതയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് : 21/22 - ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങൽ

(1) മേൽ പ്രോജക്റ്റു വഴി ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി ARTCO ക്ക് (Invoice No. KKD 130/20.11.2021) 494732/- രൂപ നൽകിയിട്ടുണ്ട്. Executive Table, Executive Particle Board, Office Cupboard, Steel Slotted Angle Rack, S Type Executive Chair, Computer Chairഎന്നിങ്ങനെയുള്ള ഫർണിച്ചറുകളാണ് ഇൻവോയ്സ് പ്രകാരം ലഭ്യമായിട്ടുള്ളത്. ടി ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

(2) മേൽ പ്രോജക്റ്റു പ്രകാരം 6 ലാപ്ടോപ്പുകൾ GeMവഴി പർച്ചേസ് ചെയ്യുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 5 ലാപ്ടോപ്പുകൾ ADA, A.Ex.E, JBDO(RH), JBDO (EGS), Head Accountant എന്നിവർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു ലാപ്ടോപ്പ് ആർക്കാണ് വിതരണം ചെയ്തത് എന്നതിന്റെ രേഖകൾ ഇല്ല . എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ ലാപ്ടോപ്പ് ബാലൻസ് ഇല്ല . മാത്രവുമല്ല BDO(RH), JBDO (EGS), Head Accountant എന്നിവർ ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടു കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ അല്ല. ആയതിനാൽ തന്നെ ഇവർക്കു ലാപ്ടോപ്പ് വാങ്ങി നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/25.11.2022) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

1. ആർട്ട്കോയിൽ നിന്നും ലഭ്യമായ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. സ്റ്റോക്ക്-വിതരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 494732/- തടസ്സം ചെയ്യുന്നു.

2. 18.09.1995 ലെ ജി.ഒ(പി) നം. 189/95/തസ്വഭവ പ്രകാരം ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമ വികസന വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളാണെന്നും ആയതിനാലാണ് JBDO(RH), JBDO (EGS), Head Accountant എന്നിവർക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയതെന്നും അറിയിച്ചു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾക്കുവേണ്ടിയാണ് മെയിന്റനൻസ് നോൺറോഡ് ഇനത്തിൽ നിന്നും തുക ചെലവഴിച്ച് പർച്ചേസ് ചെയ്യുന്നതിന് അനുമതിയുള്ളത്. ഇക്കാര്യത്തിൽ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ ബാലൻസ് ഇല്ലാത്ത ലാപ്ടോപ്പ് ആർക്കും വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചതായി കണ്ടെത്തി. മാത്രവുമല്ല ഡെസ്ക്ടോപ്പ് ഉപയോഗിക്കുന്ന സീറ്റിലേക്ക് വീണ്ടും ലാപ്ടോപ്പ് വിതരണം ചെയ്തതായും വ്യക്തമായി. പർച്ചേസ് ചെയ്ത ലാപ്ടോപ്പുകൾ കൃത്യമായി നമ്പർ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഏതു വർഷം പർച്ചേസ് ചെയ്തതാണെന്ന വ്യക്തതയില്ലാത്ത ലാപ്ടോപ്പുകളും ഓഫീസിൽ സൂക്ഷിച്ചതായി ശ്രദ്ധയിൽ പെട്ടു. കമ്പ്യൂട്ടർ , കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എല്ലാം തന്നെ കൃത്യമായി സ്റ്റോക്കിലെടുക്കേണ്ടത്ത് വിതരണ വിവരം രേഖപ്പെടുത്തേണ്ടതും, സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നമ്പർ അതാത് ഉപകരണത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഉപകരണങ്ങളുടെ സർവ്വീസ് ,മെയിന്റനൻസ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഉപയോഗിക്കാൻ കഴിയാത്തവ ഡെഡ്സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-29 ബ്ലോക്ക് പ്രസിഡന്റിന് വാഹനം വാടകക്ക് എടുക്കൽ - മുൻകൂർ തുക നൽകിയത് തിരിച്ചീടാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്റ്റ് 187/22 (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാടകക്ക് എടുക്കൽ) പ്രകാരം അനർട്ടിൽ നിന്ന് വാഹനം വാടകക്ക് എടുക്കുന്നതിന് ഒരു മാസത്തെ വാടക 44982/-രൂപ ( വൗച്ചർ നമ്പർ 22100695/ 21.12.2021) വികസന ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ തുക മുൻകൂറായി കൈമാറുന്നതിന് അനർട്ടുമായി കരാർ ചമച്ചിട്ടില്ല. മാത്രവുമല്ല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതിനാൽ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ മുൻകൂർ നൽകിയ തുക നാളിതുവരെ

തിരികെ ലഭ്യമായിട്ടില്ല. തുക തിരികെ ലഭ്യമാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/25.11.2022) തുക തിരികെ ലഭ്യമാക്കാൻ അനർട്ടിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കുന്നതുമാണെന്ന് മറുപടി നൽകി. തുക ലഭ്യമാവുന്നതു വരെ ചെലവു തുക 44982/- രൂപ തടസ്സം ചെയ്യുന്നു.

## 1-30 പഠനമുറി നിർമ്മാണം - പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹിച്ച പ്രോജക്ട് 19/22 (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി) പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്കായി പഠനമുറി നിർമ്മാണത്തിന് (വികസനഫണ്ട് എസ്.സി.പി (1500000) ) തുക നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 200000/- രൂപ നാലു ഗഡുക്കളായി (50000,60000,70000,20000) അസി. എഞ്ചിനീയറുടെ വാലുവേഷനിൽ ലിമിറ്റ് ചെയ്താണ് വിതരണം ചെയ്യുന്നത്. ആദ്യ ഗഡു 50,000/- രൂപ പ്രവർത്തി ആരംഭിക്കുന്നതിന് മുൻകൂറായി നൽകുന്നതാണ് . തുടർന്ന് ഓരോ ഘട്ടം കഴിയുമ്പോഴും സ്റ്റേജ് സർട്ടിഫിക്കറ്റ് , വാലുവേഷൻ എന്നിവ പ്രകാരമാണ് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി നിമിത D/o കൃഷ്ണദാസ് എം. കെ എന്നവർക്ക് മുൻകൂർ തുക 50000/- രൂപ (വൗച്ചർ നമ്പർ 2100660/ 24.11.22(300000/-) 24.11.2021 ന് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ തുടർന്നുള്ള ഗഡുക്കൾ അനുവദിച്ചതായി കാണുന്നില്ല. ടിയാരിയുടെ പഠന മുറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28.11.2022) ഗുണഭോക്താവിന് പഠന മുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫോൺ മുഖേന ബന്ധപ്പെട്ട് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൂർത്തീകരിക്കുന്ന മുറക്ക് വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്.

27.2.2016ലെ GO(P) 30/2016/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്.

1.7.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. ഈ കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് അനുവദനീയമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുമില്ല.

അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുകകൾ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ട തുക (OH5%) |
|---|---|---|---|
| 1 | മലയപറമ്പ് കോളനി അംഗൻവാടി (142/22)<br>കൺവീനർ .ശ്രീമതി.ദേവി.പി കരാർ 70/31.3.2020<br>ബിൽ 21150363019200313696/19.8.2021 തുക 426919 | 1202664 | 55938<br>(1202664*5/107.5) |

| | | | |
|---|---|---|---|
| | ബിൽ 2015036301920144183O/30.3.2021 തുക 520064<br>ബിൽ 201503630192014433l/30.3.2021 തുക 400000<br>ആകെ പ്രവൃത്തി മൂല്യം 1202664<br>അളവ് പുസ്തകം 23/19-20 കോസ്റ്റ് ഇൻഡക്സ് 31.06% | | |
| 2 | തിരൂർക്കാട് കാക്കക്കുന്ന് അംഗൻവാടി ( 144/22)<br>കൺവീനർ .ശ്രീമതി. ശശീന്ദ്ര.കെ കരാർ 71/31.3.2020<br>ബിൽ 21150363019201313286/14.3.2022 തുക 413259<br>ആകെ പ്രവൃത്തി മൂല്യം 368981<br>അളവ് പുസ്തകം 99/19-20 കോസ്റ്റ് ഇൻഡക്സ് 31.06% | 368981 | 17162 (368981x5/107.5) |
| | ആകെ | | 73100 |

ഓഡിറ്റ് എൻക്വയറി - 18/21-22/28.11.2022 –2010 ഷെഡ്യൂൾ നിരക്ക് (SoR) പ്രകാരം തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റുകൾക്ക് നൽകിയിരുന്ന 5% ഓവർ ഹെഡ് ചാർജ് 7.8.20 ലെ 662/2020 പൊ.മ.വ ഉത്തരവ് പ്രകാരം സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട് എന്നും എന്നാൽ ഇത് DSR പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകൾക്ക് ബാധകമായിട്ടുള്ള ഉത്തരവ് അല്ല എന്ന് 13.8.2020 ലെ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഖണ്ഡികയിൽ പരാമർശിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് DSR 2016 പ്രകാരം തയ്യാറാക്കിയതായതിനാൽ പരാമർശം ഒഴിവാക്കി തരണമെന്നും മറുപടിയിൽ ഉണ്ട്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പരാമർശിച്ച ഉത്തരവും സർക്കുലറും കരാറുകാർക്ക് ഓവർ ഹെഡ് ചാർജ് അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ളതാണ്. എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതിയാണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾക്ക് 7.5% ഓവർ ഹെഡ് ചാർജ് അനുവദിച്ചത് മുകളിൽ പരാമർശിച്ച 27.2.2016 ലെ പൊതു മരാമത്ത് വകുപ്പിന്റെ ഉത്തരവിലാണ്. പ്രസ്തുത ഉത്തരവ് DSR മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ചുള്ളതുമാണ്.

കൂടാതെ ഓഡിറ്റ് കാലയളവിൽ തന്നെ തവളേങ്ങൾ കുളമ്പ് അംഗൻവാടി ബിൽഡിങ് പൂർത്തീകരണം (121/22) എന്ന പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ 5% ഓവർ ഹെഡ് ചാർജ് കുറവ് ചെയ്തിട്ടുമുണ്ട്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ തുക ബിൽ തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തവളേങ്ങൽ കുളമ്പ് അംഗൻവാടി ബിൽഡിങ് പൂർത്തീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് ₹568.19/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഈ പ്രവൃത്തിയിൽ നൽകിയിട്ടുള്ളത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ

വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ ഈ പ്രവൃത്തിയിൽ GI ഷീറ്റിന് നിരക്ക് കണക്കാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വറിന് ശരാശരി 110 രൂപ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

അനുവദനീയമായ നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts, Nuts, Washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm | | | | | 84901.65 |
| Cost For 1 Sqm | | | | | 392.809 |

| | |
|---|---|
| Add Water Charge1% | 3.93 |
| Total | 396.739 |
| Add CPOH 7.5% | 29.76 |
| Cost Index 31.06% (Excluding MR) | 31.74 |
| Total | 458.239=458.24 |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (12%GST അടക്കം) |
|---|---|---|---|---|
| തവളേങ്ങൽ കളമ്പ് അംഗൻവാടി ബിൽഡിങ് പൂർത്തീകരണം (121/22)<br>ബിൽ 2115036301920136O427/21.3.22<br>തുക 447769<br>കരാർ 11/25.2.2021<br>കൺവീനർ. ഉമൈബ.കെ<br>സാങ്കേതികാനുമതി 66567/11.9.2020<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവ് പുസ്തകം 43/21-22, 73/19-20 | 130.4m$^2$ | 74092<br>@568.19/m$^2$ | 59754<br>@458.24/m$^2$ | 16059<br>(14338+1721) |

ഓഡിറ്റ് എൻക്വയറി 13/21-22 25.11.2022 നൽകിയതിന് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ചീഫ് എഞ്ചിനീയർ അംഗീകരിച്ചത് GI Hard Colour Powder Coated Trafford Sheet നുള്ള നിരക്കാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയോടൊപ്പം ലഭ്യമാക്കിയ ഡാറ്റയിലും ഷീറ്റ് GI Hard Colour Powder Coated Trafford Sheet ആണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുള്ളത് ഈ പ്രവൃത്തിയിൽ ഉപയോഗിച്ചത് Pre Coated Galvanised Iron Profile Sheet ആണ് എന്നാണ്. ഈ ഷീറ്റിന് മേൽ പരാമർശിച്ച പ്രകാരമുള്ള തുക മാത്രമാണ് നൽകാവുന്നത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി സ്വീകാര്യമല്ല.

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ ഭാഗമായി കിണറിന്റെ മുകളിൽ ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള ₹137.15/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളിൽ ജനലിന് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | തോണിക്കര എസ്.സി കോളനി കുടിവെള്ള പദ്ധതി (129/22) | 430/Kg | 58974<br>@137.15/Kg | 48440<br>@112.65/Kg | 12152<br>(10534+316 |

| | | | | | |
|---|---|---|---|---|---|
| | ബിൽ<br>21150363019201394398/23.3.22<br>തുക 95016<br>21150363019201306885/15.3.22<br>തുക 137500<br>കരാർ 49/25.1.2022 (3% അധിക നിരക്ക്)<br>സാങ്കേതികാനുമതി 34068/27.9.21<br>അളവ് പുസ്തകം 50/21-22<br>കോൺട്രാക്ടർ ശ്രീ.അബ്ദുൽ ഹഫൂർ<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | +1302)<br>(ടെണ്ടർ അധികം) |
| 2 | മേൽകുളങ്ങര കരുവാത്തക്കുന്ന് കുടിവെള്ള പദ്ധതി (88/22)<br>വൗച്ചർ 22100435/23.2.22<br>തുക 169464 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>കരാർ 13/7.10.2021<br>സാങ്കേതികാനുമതി 25656/1.9.21<br>അളവ് പുസ്തകം 26/21-22<br>കോൺട്രാക്ടർ ശ്രീ.<br>കോസ്റ്റ് ഇൻഡക്സ് 31.06% | 481.56/Kg | 66046<br>@137.15/Kg | 54248<br>@112.65/Kg | 13214<br>(11798+1416) |
| | | | | ആകെ | 25366 രൂപ |

ഓഡിറ്റ് എൻക്വയറി - 2/21-22/24.11.2022 നൽകിയതിന് - 9.48.1, 10.25.2 എന്നിവ പ്രകാരമുള്ള ഡാറ്റകളിലൊന്നും കിണറിലെ ഗ്രിൽ വർക്കിനെ കുറിച്ച് പ്രത്യേകം പറഞ്ഞിട്ടില്ല എന്നും, പ്രവൃത്തിക്ക് അനുയോജ്യമായ ഡാറ്റ തന്നെയാണ് നൽകിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി.
DSR കോഡ് 9.48.1 ൽ ഗ്രിൽ വർക്ക് ഫിക്സഡ് ടു സ്റ്റീൽ വിൻഡോസ് ബൈ വെൽഡിങ് എന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. 10.25.2 പ്രകാരമുള്ള ഡാറ്റയിൽ Gratings, Frames, Guard Bar, Lader..... Gates And Similar Works എന്നതിനുള്ളതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. ഗെയിറ്റിന് സമാനമായ പ്രവൃത്തിയാണ് കിണറിന് മുകളിലുള്ള ഗ്രിൽ എന്നതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഭിത്തി നിർമ്മിക്കുന്നതിനുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 5.9.6 പ്രാകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. DSR 5.9.6 പ്രാകാരമുള്ള നിരക്ക് കോളം, പില്ലർ എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് നൽകുന്ന നിരക്കാണ്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | കിളിയം എസ്.സി കോളനി | 29.44 | 16066 | 13001 | 3433 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി (122/22)<br>ബിൽ<br>2115036301920138328l/19.3.22<br>തുക 175000<br>21150363019201394424/21.3.22<br>തുക 225565<br>കരാർ 4/2.9.2021<br>സാങ്കേതികാനുമതി 15281/28.7.21<br>അളവ് പുസ്തകം 63/21-22, 16/21-22<br>കോൺട്രാക്ടർ ശ്രീ.അബ്ദുൽ ഹഫൂർ<br>കോസ്റ്റ് ഇൻഡക്സ് 31.06% | $M^2$ | @545.71/$m^2$<br>(11% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>616.16/$m^2$ | @441.61/$m^2$<br>(11% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>496.19/$m^2$ | (3065+<br>368) |
| | കരിമ്പനക്കൽ എസ്.സി കോളനി കുടിവെള്ള പദ്ധതി (131/22)<br>ബിൽ<br>21150363019201505072/29.3.22<br>തുക 196668<br>21150363019201504468/29.3.22<br>തുക 128568<br>കരാർ 26/10.11.2021<br>സാങ്കേതികാനുമതി 34798/28.9.21<br>അളവ് പുസ്തകം 19/21-22<br>കോൺട്രാക്ടർ ശ്രീ.അബൂബക്കർ.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 32$m^2$ | 19425<br>@607.03/$m^2$<br>(1% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>616.16/$m^2$ | 15719<br>@491.23/$m^2$<br>(1% ടെണ്ടർകുറവ്)<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>496.19/$m^2$ | 4151<br>(3706+445) |
| | ആകെ | | | | 7584 രൂപ |

ഓഡിറ്റ് എൻക്വയറി - 19/21-22/24.11.2022 നൽകിയതിന് - ഈ പ്രവൃത്തികളിൽ ഗ്രൗണ്ട് ലെവലിൽ നിന്ന് 2.5 മീറ്റർ ഉയരത്തിൽ സിമന്റ് കോൺക്രീറ്റിൽ വാട്ടർ ടാങ്കിനുള്ള ഭിത്തി നിർമ്മിക്കാനാണ് 5.9.6 പ്രകാരമുള്ള സെന്ററിങ് നൽകിയതെന്നും DSR 5.9.2 പ്രകാരമുള്ളത് ഗ്രൗണ്ട് ലെവലിൽ ഭിത്തി നിർമ്മിക്കുന്നതിന് നൽകുന്ന നിരക്കാണ് എന്നും മറുപടി ലഭ്യമാക്കി.

എന്നാൽ ഈ മറുപടി തികച്ചും വസ്തുതാ വിരുദ്ധമാണ്. DSR 5.9സബ് ഹെഡിലുള്ള സെന്ററിങ് നിരക്ക് എല്ലാ നിലകളിലേക്കുമുള്ളതാണ്. ഇത് പ്രസ്തുത ഡാറ്റയുടെ ആരംഭത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. *ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി സ്വീകാര്യമല്ല.*

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 പ്രി ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെന്മിനി നിരവിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ഇനം 20 ആയി പ്രി ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് സ്ഥാപിച്ചതിന് ₹25702.6/$m^2$ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് ₹11423.38/$m^2$ നിരക്കാണ് നൽകാവുന്നത്. പ്രവൃത്തിക്കായി ഡാറ്റ തയ്യാറാക്കിയത് 2.25$m^2$ നാണ്. അതിൽ നിന്ന് 1$m^2$ നിരക്ക് കാണുന്നതിന് പകരം 2.25$m^2$ നിരക്ക് 1 $M^2$ പരിഗണിച്ചത്

കാരണമാണ് അധിക തുക നൽകാനിടയായത്. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയ മറ്റ് കുടിവെള്ള പദ്ധതികളിലെല്ലാം പമ്പ് ഹൗസിന് ₹11423.38/$m^2$ നിരക്കാണ് നൽകിയിട്ടുള്ളത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (12% GST അടക്കം) |
|---|---|---|---|---|---|
| 1 | നെന്മിനി നിരവിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി (138/22)<br>ബിൽ 21150363019201432667/24.3.22<br>തുക ₹755912<br>21150363019200572769/24.9.22<br>തുക ₹228717 (2022-23)<br>കരാർ 27/31.1.2020<br>സാങ്കേതികാനുമതി 75290/11.10.2019<br>അളവ് പുസ്തകം 115/21-22,108 /21-22,83/19-20<br>കോൺട്രാക്ടർ ശ്രീ.നസീം.എൻ<br>കോസ്റ്റ് ഇൻഡക്സ് 31.06% | 2.34/ $M^2$ | 60084 @25676.90/ $M^2$ (0.1% ടെണ്ടർകുറവ്) എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 25702.60/$m^2$ | 26704 @11411.96/ $M^2$ (0.1% ടെണ്ടർകുറവ്) എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 11423.38/$m^2$ | 37386 (33380+4006) |

ഓഡിറ്റ് എൻക്വയറി - 17 /21-22/26.11.2022 മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക 37386 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 ഓഡിറ്റ് സമയത്ത് പരിശോധിച്ചു | ഇതേ റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക(₹) | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|

| | | | (₹) | |
|---|---|---|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 16,66,000 | SO007/22 – പി.എം.എ.വൈ (ജനറൽ) | 16,66,000 | 0 |
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 2,10,000 | " | 2,10,000 | 0 |
| കിഴാറ്റൂർ ഗ്രാമപഞ്ചായത്ത് | 2,80,000 | " | 2,80,000 | 0 |
| വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 70,000 | " | 70,000 | 0 |
| അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 1,40,000 | " | 1,40,000 | 0 |
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 3,00,000 | SO039/22 – പി.എം.എ.വൈ (എസ്.സി.പി) | 3,00,000 | 0 |
| കിഴാറ്റൂർ ഗ്രാമപഞ്ചായത്ത് | 4,20,000 | " | 4,20,000 | 0 |
| പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | 70,000 | " | 70,000 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 2,25,565 | SO122/22 – കിളിയം എസ്.സി കോളനി കുടിവെള്ള പദ്ധതി | 2,25,565 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 21,927 | SO124/22 – നെച്ചിക്കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി | 21,927 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 95,076 | SO129/22 – തോണിക്കര എസ്.സി കോളനി കുടിവെള്ള പദ്ധതി | 95,076 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 1,96,668 | SO131/22 – കരിമ്പനക്കൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 1,96,668 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 1,35,000 | SO132/22 – പരമ്പൂർ കാവണ്ണയിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 1,35,000 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 31,062 | SO135/22 – എളാട് ചെമ്മംകുഴി എസ്.സി കോളനി കുടിവെള്ള പദ്ധതി | 31,062 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 96,202 | SO136/22 – കരക്കാത്ത് എസ്.സി കോളനി കുടിവെള്ള പദ്ധതി | 96,202 | 0 |
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 10,00,000 | SO175/22 – ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 10,00,000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ബിൽ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരണ വിവരം | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| 1 | KWA | SO190/22 - കോരങ്ങാട് കുരുവമ്പലം | ചെക്ക് നമ്പർ 507022001100/ 11.03.2022 : | 9,60,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പൈപ്പ്ലൈൻ നീട്ടൽ | ₹7,70,000/-<br>22100768/10.03.2022: ₹1,90,000/- | | | | |
| 2 | KWA | S0149/22 - മില്ലുംപടി ഒട്ടുവങ്കര കോളനി പൈപ്പ്ലൈൻ നീട്ടൽ | 22100742/26.02.2022 | 2,00,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |
| 3 | KWA | S0150/22 - ചോലപ്പറമ്പ് ലക്ഷംവീട് കോളനി പൈപ്പ്ലൈൻ നീട്ടൽ | 22100746/26.02.2022 | 2,00,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |
| 4 | KWA | S0151/22 - വില്ലേജ്പടി ആഞ്ഞിലി പൈപ്പ്ലൈൻ നീട്ടൽ | 22100747/26.02.2022 | 2,00,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |
| 5 | KWA | S0152/22 - കരുവാൻപറമ്പ് കുട്ടാവിൽ പൈപ്പ്ലൈൻ നീട്ടൽ | 22100743/26.02.2022 | 2,00,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |
| 6 | KWA | S0096/22 - യത്തീംഖാന റോഡ് പൈപ്പ്ലൈൻ നീട്ടൽ | 22100745/26.02.2022 | 1,90,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |
| 7 | KWA | S0095/22 - താഴത്തെപടി സി.പി കുളമ്പ് റോഡ് പൈപ്പ്ലൈൻ നീട്ടൽ | 22100744/26.02.2022 | 3,00,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |
| 8 | KWA | 95, 149, 150, 151, 152 എന്നീ പ്രോജക്ടുകൾ പൂർത്തീകരിക്കാനുള്ള തുക വാട്ടർ അതോറിറ്റിയ്ക്ക് നൽകൽ | 2210077711.03.2022 | 5,60,000 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | ലഭ്യമല്ല |

മേൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-2 | 2000-01 | IV-91 B | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- രൂപയുടെ നഷ്ടം | *പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-3 | 2000-01 | IV-91 C | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | *പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | *പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 ബി | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം വനിത പ്രവൃത്തി തുടങ്ങിയില്ല. | *പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയത്. | *പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | *പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് അധിക തുക തിരികെ ലഭിച്ചില്ല. | *പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. റവന്യൂ റിക്കവറി നടപടി വിവരം ലഭ്യമല്ല. | *പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് / സർചാർജ്ജ് വിവരം | തുക (₹) | ഈടാക്കിയത് (₹) | അവശേഷിക്കുന്ന തുക(₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1997-98 | 38, 48, 49, 50, 56, 57, | എൻ.അലി, സെക്രട്ടറി | LF19238/ SP.CELL/ SC3/01 | 2,41,085 | 0 | 2,41,085 | തുടർ നടപടി വേണ്ട എന്നറിയിച്ചു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 58(2), 58(4), 59, 60, 61, 65, 66, 67, 68, 69, 70, 72, 73 | | Dtd.20.1.2013 | | | | (ksa13658/sl/15 Dtd.17.3.16 |
| 2 | 1999-00 | 38(1), (2), 39(1), 40(1), 41(1), (2), 35,36(1), (2) | പി.ഉണ്ണികൃഷ്ണൻ, അസി. എഞ്ചിനീയർ | LF3602/ SP.CELL/ SC5/05 Dtd.2.6.2006 | 71,197 | 0 | 71,197 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ) | 11,27,39,287.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,43,49,327 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86,395 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,30,75,713 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 3-1 | | 16,059 | Rs 8,030/- ശ്രീ. അരുൺ. വി. അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs 8,029/- ശ്രീ. ഉമ്മർ. കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 25,366 | Rs 12,683/- ശ്രീ. മുഹമ്മദ് അസ്‌ലഹ്.പി, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs 12,683/- ശ്രീമതി. ഷെറീൻ ബീഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 7,584 | Rs 1,717/- ശ്രീ. മുഹമ്മദ് അസ്‌ലഹ്.പി, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs 3,792/- ശ്രീമതി. ഷെറീൻ ബീഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 37,386 | Rs 18,693/- ശ്രീമതി. ഷീജ. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs 18,693/- ശ്രീ. ഉമ്മർ. കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 86,395 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | ആകെ തടസ്സം ചെയ്ത തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-21 | 2,30,000 | ശ്രീ. അഷറഫ് പെരുമ്പള്ളി, സെക്രട്ടറി |
| 1-23 | 25,56,295 | 19,83,200-ശ്രീ. അഷറഫ് പെരുമ്പള്ളി, സെക്രട്ടറി |
| 1-23 | | 5,73,095-ശ്രീമതി. സുജാത. കെ. എം. ജോയിന്റ്. ബി.ഡി.ഒ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | 5,22,324 | 3,84,124-ശ്രീ. അഷറഫ് പെരുമ്പള്ളി,സെക്രട്ടറി |
| 1-24 | | 1,38,200-ശ്രീമതി. സുജാത. കെ. എം. ജോയിന്റ്. ബി.ഡി.ഒ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-25 | 10,83,680 | 5,41,840-ശ്രീ. മുഹമ്മദലി. എ, സെക്രട്ടറി |
| 1-25 | | 5,41,840-ശ്രീമതി. സുജാത. കെ. എം. സെക്രട്ടറി |
| 1-26 | 53,33,700 | 53,29,700-ശ്രീ. അഷറഫ് പെരുമ്പള്ളി, സെക്രട്ടറി |
| 1-26 | | 4,000-ശ്രീ. മുഹമ്മദലി. എ, സെക്രട്ടറി |
| 1-27 | 28,10,000 | ശ്രീ. മുഹമ്മദലി. എ, സെക്രട്ടറി |
| 1-28 | 4,94,732 | ശ്രീ. അഷറഫ് പെരുമ്പള്ളി, സെക്രട്ടറി |
| 1-29 | 44,982 | ശ്രീ. അഷറഫ് പെരുമ്പള്ളി, സെക്രട്ടറി |
| ആകെ | 1,30,75,713 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉമ്മർ.കെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു. | കാരയിൽ ഹൗസ്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട്. 673602 |
| ശ്രീമതി. ഷെറീൻ ബീഗം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്. | ജാലകം ഹൗസ്, പൂപ്പലം, വലമ്പൂർ.679325 |
| ശ്രീ. അരുൺ. വി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്. | കടമ്പോട്ട് പാടത്ത് വീട്, ചെരക്കാപറമ്പ്, അങ്ങാടിപ്പുറം. 679321 |
| ശ്രീമതി. ഷീജ. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ. | ലഭ്യമല്ല | കാരത്ര ഹൗസ്, തോട്ടപ്പള്ളി. പി.ഒ, ആലപ്പുഴ. 688561. |
| ശ്രീ. മുഹമ്മദ് അസ്‌ലഹ്.പി, അസിസ്റ്റന്റ് എഞ്ചിനീയർ | ജില്ലാ പഞ്ചായത്ത്, മലപ്പുറം. | പാലപ്ര ഹൗസ്, കിടങ്ങയം, പന്തല്ലൂർ (പി.ഒ), 676521 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|---|

| | | എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.4/2538/16 തീയതി 09-09-2016 | 20 |
| 1998-99 | കെ.എസ്.എ.എം.പി.എം.4/364/15(1) തീയതി 09-09-2016 | 7 |
| 1999-00 | കെ.എസ്.എ.എം.പി.എം.4/3202/14(6) തീയതി 09-09-2016 | 6 |
| 2000-01 | എൽ.എഫ്.എം.4/364/15(3) തീയതി 28-01-2016 | 16 |
| 2001-02 | കെ.എസ്.എ.എം.പി.എം.4/3246/4 തീയതി 17-04-2017 | 32 |
| 2002-03 | എൽ.എഫ്.എം.4/364/15(4) തീയതി 28-01-2016 | 12 |
| 2003-04 | കെ.എസ്.എ.എം.പി.എം.4/2252/17 തീയതി 05-02-2018 | 12 |
| 2004-05 | എൽ.എഫ്.എം.4/364/15(5) തീയതി 28-01-2016 | 6 |
| 2005-06 | എൽ.എഫ്.എം.4/364/15(6) തീയതി 28-01-2016 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം.4/364/15 തീയതി 07-02-2018 | 19 |
| 2007-08 | എൽ.എഫ്.എം.4/364/15(8) തീയതി 28-01-2016 | 22 |
| 2008-09 | എൽ.എഫ്.എം.4/364/15(8) തീയതി 27-11-2015 | 24 |
| 2009-10 | എൽ.എഫ്.എം.4/364/15(9) തീയതി 28-01-2016 | 5 |
| 2010-11 | കെ.എസ്.എ.എം.പി.എം.4/595/15 തീയതി 09-02-2018 | 14 |
| 2011-12,<br>2012-13 | എൽ.എഫ്.എം.4/841/2014 തീയതി 28-01-2016 | 17 |
| 2013-14 | എൽ.എഫ്.എം.4/2449/2014 തീയതി 23-04-2015 | 9 |
| 2014-15 | കെ.എസ്.എ.എം.പി.എം.4/2405/15 തീയതി 18-04-2018 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/543/2017 തീയതി 17-03-2017 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/2484/2017 തീയതി 03-05-2018 | 16 |
| 2017-18 | കെ.എസ്.എ.എം.പി.എം.4/2873/2018 തീയതി 22-01-2019 | 12 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/439/2020 തീയതി 23-04-2020 | 19 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/1082/2022 തീയതി 07.11.2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം.4/1083/22 തീയതി 08-11-2022 | 32 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്